കാര്യങ്ങൾ ഗവൺമെന്റ് അടിയന്തിരമായി നോക്കണം. കൊച്ചിൻ കോർപ്പറേഷനെമാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവർ കുറെ പൈസ ഗവൺമെന്റിന് തരാനുണ്ട്. കൊച്ചിയിൽ വെള്ളം കൊടുക്കുന്നത് ഗവൺമെന്റാണ്. കൊച്ചിൻ കോർപ്പറേഷനിൽനിന്ന് കിട്ടേണ്ട പണം വാങ്ങണം. അതിന് ഞങ്ങളുംകൂടി സഹകരിക്കാം. കൊച്ചിയിൽ രൂക്ഷമായ വരൾച്ചയാണ് വരാൻ പോകുന്നത്. അവിടെ ശുദ്ധജലത്തിന് വേറെ മാർഗ്ഗമില്ല. അതുകൊണ്ട് രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകണം. ഹൈക്കോടതിയുടെ കാര്യത്തിൽ 35 ലക്ഷം രൂപ ചെലവഴിച്ച് പൈപ്പ് ലൈൻ ഇടണം. മെയിൻ പമ്പിൽ നിന്ന് വെള്ളം വലിച്ചെടുക്കുന്നത് നിർത്തലാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതുപോലെ അവിടെ illegal connections ധാരാളമുണ്ടെന്ന് ഡിപ്പാർട്ടുമെന്റിനറിയാം. അതിനെതിരെ നടപടിയെടുക്കുന്നതിനുള്ള സംവിധാനവും ഗവൺമെന്റിനുണ്ട്. പക്ഷെ അതുകൊണ്ടുണ്ടാകുന്ന പ്രയാസങ്ങളൊക്കെ ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല. നടപടിയെടുക്കണമെന്ന് അങ്ങ് നിർബന്ധിച്ചാൽ നിശ്ചയമായും നടപടിയെടുക്കുന്നതാണ്. രണ്ടാമത്തെ പ്രശ്നം ഇതുപോലുള്ള സീരിയസ്സായിട്ടുള്ള വിഷയം വളരെ സീനിയറായിട്ടുള്ള പ്രൊഫ. കെ. വി. തോമസിനെപോലുള്ള ഒരു മെമ്പർ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ കൊച്ചി പട്ടണവുമായി ബന്ധപ്പെട്ട മന്ത്രിമാർ, എം. എൽ. എ.-മാർ, കോർപ്പറേഷൻ മേയർ തുടങ്ങിയവരുടെ യോഗം അടിയന്തിരമായി വിളിച്ചു കൂട്ടുന്നതാണ്.

ശ്രീ. ടി. എം. ജേക്കബ്: ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ പരിധിയിലുള്ളവരെയും ഇതിൽ പങ്ക് ചേർക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മുൻ ജലവിഭവ വകുപ്പുമന്ത്രിയുടെ ആ ആവശ്യം ഞാൻ അംഗീകരിക്കുകയാണ്. ജി. സി. ഡി. എ. യുടെ പരിധിയിൽപ്പെട്ട എല്ലാ ആളുകളേയും ഈ യോഗത്തിലേയ്ക്ക് വിളിക്കുന്നതാണ്.

V സബ്മിഷൻ

(1) കരുവാറ്റ പഞ്ചായത്ത് നിവാസിയും ആസ്സാം റൈഫിൾസ് ജീവനക്കാരനുമായിരുന്ന അനിൽ കുമാറിന്റെ മരണം

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഹരിപ്പാട് നിയോജകമണ്ഡലത്തിൽപ്പെട്ട കരുവാറ്റ പഞ്ചായത്തിലെ ആലത്തറ കിഴക്കതിൽ അനിൽകുമാർ ആസ്സാം റൈഫിൾസിലെ ഒരു ജവാനായിരുന്നു. 4-ാം തീയതി നാഗാമിലിറ്റൻസ് അദ്ദേഹത്തെ കൊലപ്പെടുത്തുകയുണ്ടായി. നാഗാ മിലിറ്റൻസിന്റെ Deployment operation എന്ന് പറയുന്ന ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ പങ്കെടുക്കുമ്പോഴാണ് അനിൽകുമാർ കൊല ചെയ്യപ്പെടുന്നത്. ഇന്ന് ഉച്ചക്ക് 3 മണിക്ക് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ ഭൗതിക ശരീരം എത്തിച്ചേരുന്നതും വൈകിട്ട് ഏഴ് മണിക്കുശേഷം അദ്ദേഹത്തിന്റെ വീട്ടുവളപ്പിൽ സംസ്ക്കരിക്കപ്പെടുന്നതുമാണ്. അദ്ദേഹത്തിന് ഭാര്യയും രണ്ട് കുഞ്ഞുങ്ങളുമാണുള്ളത്. മൂത്തകുട്ടി ആറാം ക്ലാസിൽ പഠിക്കുന്നു. ഇളയകുട്ടിക്ക് നാലര വയസ്സാണുള്ളത്. വളരെ പാവപ്പെട്ട ഒരു കുടുംബമാണ്. ഈ കുടുംബം വളരെ അപ്രതീക്ഷിതമായി നിരാലംബമായിരിക്കുകയാണ്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായിട്ടുള്ള ഓപ്പറേഷനിൽ പങ്കെടുക്കുമ്പോഴാണ് നാഗാ കലാപകാരികൾ അദ്ദേഹത്തെ വെടിവെച്ച് കൊലപ്പെടുത്തിയതെന്നാണ് കിട്ടിയിരിക്കുന്ന അറിവ്. ആ അനാഥമായ കുടുംബത്തെ സഹായിക്കാനും അവർക്കാവശ്യമായ സംരക്ഷണം നൽകാനും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആവശ്യമായ പരിഗണനയും സഹായവും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ശവസംസ്ക്കാര ചടങ്ങിൽ സംസ്ഥാന ഗവൺമെന്റിനെ പ്രതിനിധീകരിച്ച് പങ്കാളിത്തമുണ്ടാകണമെന്നുകൂടി ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിയുടെ ചുമതല വഹിക്കുന്ന ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ആലപ്പുഴ ജില്ലയിലെ കരുവാറ്റ പഞ്ചായത്ത് നിവാസിയും ആസ്സാം റൈഫിൾസ് ജീവനക്കാരനുമായിരുന്ന അനിൽകുമാർ 4-2-2006-ൽ നാഗാലാന്റിൽവെച്ച് നാഗാ തീവ്രവാദികളുടെ വെടിയേറ്റ് മരണപ്പെട്ടതായി അറിവ് ലഭിച്ചിട്ടുണ്ട്. നാഗാലാന്റിലെ അതിർത്തി ജില്ലയായ പെരൻഫോർ ഫോർവേഡ് പോസ്റ്റിൽ നാഗാ തീവ്രവാദികളുമായുള്ള ഏറ്റുമുട്ടലിൽ 4-2-2006-ന് രാത്രി 11.00 മണിക്ക് 28 ആസ്സാം റൈഫിൾസിലെ റൈഫിൾമാനായ അനിൽകുമാർ കൊല്ലപ്പെട്ടതായി ലെഫ്റ്റനന്റ് കേണൽ പി. പി. യാദവ് ഫാക്സ് സന്ദേശമയക്കുകയുണ്ടായി. അനിൽകുമാറിന്റെ മൃതശരീരം ഇന്ന് ചെന്നൈ-കൊച്ചി വിമാനത്തിൽ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രാജ്യരക്ഷാ പ്രവർത്തനത്തിനിടയിൽ മരണപ്പെടുന്ന ജവാൻമാരുടെയും അർദ്ധസൈനിക സേനാംഗങ്ങളുടെയും മൃതശരീരം നാട്ടിൽ കൊണ്ടുവരുമ്പോൾ സ്വീകരിക്കാനും മരണാനന്തര ചടങ്ങ് നടത്താനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ജില്ലാ ഭരണകൂടങ്ങൾക്ക് നിർദ്ദേശം നൽകാറുണ്ട്. അതനുസരിച്ച് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ അനിൽകുമാറിന്റെ മൃതശരീരം സ്വീകരിക്കാനും പരേതന്റെ ജന്മഗൃഹമായ ആലപ്പുഴയിലെ തകഴി കളത്തിൽ വീട്ടിൽ എത്തിക്കാനും മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താനും എറണാകുളം ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട് എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനിൽകുമാറിന്റെ മൃതശരീരം എറണാകുളത്ത് നിന്ന് ആലപ്പുഴയിലെ ജന്മഗൃഹംവരെ കൊണ്ടുപോകാൻ ആലപ്പുഴ ജില്ലാകളക്ടർ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ആംബുലൻസ് സജ്ജമാക്കിയിട്ടുണ്ട്. അനിൽകുമാറിന്റെ ശവസംസ്ക്കാര ചടങ്ങുകൾക്കായി മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്ന് 5000 രൂപ അമ്പലപ്പുഴ തഹസിൽദാരെ ഏൽപ്പിച്ചതായി സൈനിക ക്ഷേമ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly